Page 1 of 1

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): ഇല്ല.

## പുതിയ തസ്തികകൾ.

*80. [15] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെൻറ് അധികാരത്തിൽവന്നശേഷം ഇതേവരെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) തന്മൂലം പ്രതിവർഷം വരുന്ന അധികച്ചെലവെത്ര;

(സി) ആകെ ഇപ്പോൾ കേരളസംസ്ഥാനത്തിൻെറ ഭരണച്ചെലവെത്ര;

(ഡി) ഭരണപരിഷ്കാരക്കമ്മിററിയുടെ ചെലവു ചുരുക്കൽ നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഈ ഗവണ്മെൻറ് നടപ്പാക്കിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതുമൂലം എത്ര ചെലവു ചുരുങ്ങിയിട്ടുണ്ട്;

(എഫ്) പുതിയ തസ്തികകൾ സൃഷ്ടിച്ചതിനു ഗവണ്മെൻറിൻെറ ന്യായീകരണം എന്താണ്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ, ബി) വിശദവിവരങ്ങൾ അടങ്ങിയ † സ്റ്റേറ്റുമെൻറ് 14-12-61-ലെ 64-ാംനമ്പർ ചോദ്യത്തിനുത്തരമായി അസംബ്ലിയിലെ മേശപ്പുറത്തു വച്ചുകഴിഞ്ഞിട്ടുണ്ട്. 14-12-61-നുശേഷം നടത്തിയ നിയമനങ്ങളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളു.

(സി—എഫ്) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആ സ്റ്റേറ്റുമെൻറിൻെറ കാപ്പി എനിക്കു കിട്ടിയിട്ടില്ല. കൂടാതെ വിവരങ്ങൾ അന്വേഷണത്തിലിരിക്കുകയാണ്, ശേഖരിച്ചുവരുന്നതേയുള്ളു എന്നെല്ലാം പറയുന്നതു് ഈ ചോദ്യത്തിൽനിന്നും ഉളവാകുന്ന ഉപചോദ്യങ്ങളുടെ ഉത്തരങ്ങൾ വഴി വെളിപ്പെടേണ്ട ചില വസ്തുതകൾ മറച്ചുവയ്ക്കുന്നതിലേയ്ക്കുവേണ്ടി മനഃപൂർവ്വംഇങ്ങനെ മറുപടി പറയുകയാണ്.

**Shri A. Thanu Pillai**: Sir, it is an insinuation upon the Government. The member may be asked to withdraw it.

**Mr. Speaker**: It is an insinuation upon the Government and is not in order.

ശ്രീ. കെ. എം. ജോർജ്ജ്: സർ, ഒരു പായിൻറ് ആഫ് ആർഡർ, ഒരു ചോദ്യത്തിനു വളരെ വ്യക്തമായ രീതിയിൽ ഉത്തരം നൽകിക്കഴിഞ്ഞതിനുശേഷം അതു അതിൽനിന്നും ഉത്ഭവിക്കുന്ന ഉപചോദ്യങ്ങളിൽനിന്നും രക്ഷപ്പെടുവാനാണ് മന്ത്രിമാർ ശ്രമിക്കുന്നതെന്നു് ഒരു അംഗത്തിനു് ഈ സഭയിൽ ഒരു ആരോപണം ഉന്നയിക്കാമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ ചോദ്യത്തിനു് ഉത്തരം കിട്ടേണ്ടതാണ്. ഫയലുകളിൽനിന്നും നോക്കി തരേണ്ട ഈ ഉത്തരങ്ങൾ തരാതിരിക്കുന്നതു ശരിയാണോ? ഞങ്ങൾക്ക് ഈ വിവരങ്ങൾ അറിയുവാനുള്ള ഒരു മാർഗ്ഗം ഇങ്ങനെ ചോദ്യം ചോദിക്കുകമാത്രമാണ്. അതിനു ശരിയായ ഉത്തരം നൽകുന്നതിനു സ്പീക്കർ നിർദ്ദേശം നൽകേണ്ടതാണ്.

**Mr. Speaker**: Order, order. The Minister gave a reply but the member doubts whether the particular reply given by the Minister was not a means to evade the issue. I rule it as an insinuation and I cannot allow it.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly